**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനന്‍ ,<br>ശ്രീ. പി. നന്ദകുമാര്‍,<br>ശ്രീ. എം.വിജിന്‍,<br>ശ്രീ. കെ.കെ. രാമചന്ദ്രന്‍ | | ശ്രീമതി വീണാ ജോര്‍ജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനകളുടെയും മറ്റ് ബോധവല്‍ക്കരണ പ്രവര്‍ത്തനങ്ങളുടെയും ഫലമായി ഉണ്ടായിട്ടുള്ള പ്രധാന നേട്ടങ്ങള്‍ എന്തെല്ലാമാണ്; എങ്കില്‍ വിശദമാക്കുമോ; | (എ) | ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ ഭക്ഷ്യ പരിശോധനാ ലബോറട്ടറികള്‍ക്കും NABL അംഗീകാരമുണ്ട്. പ്രസ്തുത ലാബുകളില്‍ ഇന്റഗ്രേറ്റഡ് അസ്സസ്മെന്റ് നടത്തിയിട്ടുള്ളതും ഫുഡ് അനലിസ്റ്റുമാരുടെ തസ്തികകളില്‍ യോഗ്യരായ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സഞ്ചരിയ്ക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറിയുടെ പ്രവര്‍ത്തനം ഉറപ്പാക്കിയിട്ടുണ്ട്. ആയവയില്‍ പരിശോധന, ട്രെയിനിംഗ്, ബോധവല്‍ക്കരണം എന്നിവ നടത്തി വരുന്നു.. ആയതിന് കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റിയുടെ പ്രത്യേക പരാമര്‍ശം ലഭിച്ചിട്ടുണ്ട്. രാജ്യത്ത് തന്നെ എല്ലാ ജില്ലകളിലും പൊതുജന സേവനത്തിനായി മൊബൈല്‍ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ സേവനം ഉറപ്പാക്കുന്ന ഏക സംസ്ഥാനമാണ് കേരളം. പ്രസ്തുത മാതൃകാപരമായ പ്രവര്‍ത്തനങ്ങള്‍ക്ക് FSSAI യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2021 ഏപ്രില്‍ മുതല്‍ 2023 ജൂലൈ വരെ 130484 പരിശോധനകള്‍ നടത്തുകയും 18677 എണ്ണം സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 49967 എണ്ണം സര്‍വ്വയിലന്‍സ് സാമ്പിളുകളും ശേഖരിയ്ക്കുകയുമുണ്ടായി. പരിശോധനകളുടെ ഭാഗമായി ശേഖരിച്ച സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളില്‍ 1246 എണ്ണം Unsafe ആയും 536 എണ്ണം Substandard ആയും 832 എണ്ണം Misbranded ആയും പരിശോധനാ ഫലം ലഭിയ്ക്കുകയുണ്ടായി. ആയതില്‍ ആവശ്യമായ തുടര്‍ നിയമ നടപടികള്‍ ഉറപ്പാക്കിയിട്ടുള്ളതാണ്. ടി കാലയളവില്‍ 17355 നോട്ടീസുകളും 9893 കോമ്പൗണ്ടിംഗ് നോട്ടീസുകളും നല്‍കുകയുണ്ടായി. പിഴയിനത്തില്‍ ടി കാലയളവില്‍ 4,10,54,850/- രൂപ ഈടാക്കുകയും ചെയ്തു. പ്രസ്തുത കാലയളവില്‍ 1413 |

| | | | |
|---|---|---|---|
| | | | അഡ്ജ്യൂഡിക്കേഷൻ കേസുകളും 939 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്യുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ഭക്ഷ്യ സംരംഭകർക്കും ഭക്ഷ്യ സുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടുകൂടി സംസ്ഥാനം ഒട്ടാകെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകളും കൂടാതെ തട്ടുകട മുതൽ തന്നെ വിതരണം ചെയ്യുന്ന എല്ലാ തരം ഭക്ഷണ പദാർത്ഥങ്ങളും ഭക്ഷ്യ യോഗ്യമായും വൃത്തിയായും കൈകാര്യം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി വകുപ്പിലെ മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി രാത്രികാല പ്രത്യേക സ്ക്വാഡുകളും സംസ്ഥാനം ഒട്ടാകെ പരിശോധന നടത്തിയിട്ടുള്ളതും കർശനമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് കഴിഞ്ഞ വർഷം ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്, ക്ലീൻ ഫ്രൂട്സ് ആന്റ് വെജിറ്റബിൾ മാർക്കറ്റ്, ഹൈജീൻ റേറ്റിംഗ്, ഈറ്റ് റൈറ്റ് കാമ്പസ്, ഹൈജീനിക് Place of worship, Eat Right School തുടങ്ങിയവ നടപ്പിലാക്കുകയുണ്ടായി. 2021 ഏപ്രിൽ മുതൽ നാളിതുവരെ 862 ട്രെയിനിംഗുകളിലായി 30262 ഭക്ഷ്യ സംരംഭകർക്ക് FoSTaC പരിശീലനം നൽകി. ഭക്ഷണ ഉല്പാദന, വിതരണ മേഖലയിലെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Food Safety and Standards Authority of India നിഷ്കർഷിച്ച മാനദണ്ഡങ്ങളിലെ മികവാർന്ന പ്രവർത്തനം നിരന്തര അവലോകനം വഴി ഉറപ്പാക്കിയതും ജീവനക്കാരുടെ ആത്മാർത്ഥമായ പ്രവർത്തനവും ദേശീയ അംഗീകാരം നേടുന്നതിന് സഹായകമായി. |
| (ബി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എന്തെല്ലാം അംഗീകാരങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 2022-23 കാലയളവിലെ പ്രവർത്തനങ്ങൾക്ക് ദേശീയ ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനങ്ങൾ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI) നിശ്ചയിച്ചിട്ടുള്ള 6 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഭക്ഷ്യ സുരക്ഷാ സൂചികയിൽ സംസ്ഥാനങ്ങളുടെ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. ആയതിൽ വലിയ സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളം ഉൾപ്പെട്ടിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന 6 മേഖലകളിലെ പ്രവർത്തന മികവാണ് ഇതിനായി പരിഗണിച്ചിട്ടുള്ളത്.<br><br>1) Human Resources and Institutional Data<br><br>2) Compliances |

<table>
<tr>
<td></td>
<td></td>
<td></td>
<td>
3) Food Testing Infrastructure<br><br>
4) Training and Capacity Building<br><br>
5) Consumer Empowerment<br><br>
6) Improvement in SFSI Rank<br><br>
സംസ്ഥാനത്തിന് കഴിഞ്ഞ ഒരു വർഷക്കാലയളവിലെ പ്രവർത്തനങ്ങൾക്ക് വിവിധ മേഖലകളിൽ ചുവടെ ചേർക്കും പ്രകാരം FSSAI സ്കോർ നൽകിയിട്ടുണ്ട്.
<table>
<tr><td>Large State</td><td>Kerala</td></tr>
<tr><td>Human Resources & Institutional Data</td><td>8.5</td></tr>
<tr><td>Compliance</td><td>15</td></tr>
<tr><td>Food Testing Infrastructure</td><td>13.5</td></tr>
<tr><td>Training and Capacity Building</td><td>8</td></tr>
<tr><td>Consumer Empowerment</td><td>16</td></tr>
<tr><td>Improvement in SFSI Rank</td><td>2</td></tr>
<tr><td>Total</td><td>63</td></tr>
</table>
2022-23 കാലയളവിൽ സംസ്ഥാനത്തൊട്ടാകെ 155 ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ ഈറ്റ് റൈറ്റ് മേളകൾ സംഘടിപ്പിച്ചതിന് FSSAI യുടെ പ്രത്യേക അംഗീകാരം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?</td>
<td>(സി)</td>
<td>ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ വ്യാപിപ്പിയ്ക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിയ്ക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ